**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1172** **04-07-2022 - ൽ മറുപടിയ്ക്ക്**

**മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ നിരത്തുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണ് നടന്ന് വരുന്നത്; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ; ഇവയിൽ ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ ഒരാട്ടും പാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കിറ്റ്കോയെ കൺസൾട്ടൻസിയായി നിയമിക്കുകയും അലൈൻമെന്റ് നിർവ്വഹണ ഏജൻസിയായ RBDCK പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു. എന്നാൽ ഭൂമിയേറ്റെടുക്കലിനെതിരെ ഭൂവുടമകൾ ശക്തമായ എതിർപ്പ് ഉയർത്തിയതിനാൽ അലൈൻമെന്റ് മാറ്റി, പരിഷ്കരിച്ച അലൈൻമെന്റിന് ഡ്രോയിംഗ് ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചാൽ മാത്രമേ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.<br><br>നിരത്തു വിഭാഗത്തിനു കീഴിൽ:<br><br>1. NABARD XXV Improvements Providing BM&BC to Pariyapuram Angadippuram Railway gate Valambur road Km 2/700 to 8/400 in Mankada LAC-Widening, GSB, WMM laying, concrete work completed, 2.00 Km BM completed- 1.60 Km JJM-ന്റെ റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യാനുണ്ട്. മഴ മാറിയാൽ BM&BC പ്രവൃത്തി ആരംഭിക്കാവുന്നതാണ്.<br>2. General – Improvements and Providing BM &BC work to Koottilangadi-Vallikkappatta road between Km 2/00 to 7/000 in Mankada LAC. ഭരണാനുമതി തുക – 5 കോടി രൂപ, എഗ്രിമെന്റ് തുക – 3.83 കോടി രൂപ, പ്രവൃത്തി 40% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പാലം വിഭാഗത്തിനു കീഴിൽ:<br><br>1. കുറുവ(കീരംകുണ്ട്) പാലം പുനർ നിർമ്മാണം - നിലവിൽ പ്രവൃത്തി 90% പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചു. സുരക്ഷാ മുൻകരുതൽ പ്രവൃത്തികളും പെയിന്റിംഗ് പ്രവൃത്തികളും പുരോഗമിക്കുകയാണ്.<br>2. വെള്ളില ചോഴി പാലം പുനർ നിർമ്മാണം പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുമ്പോൾ ഡിസൈൻ വിങ്ങിന് ഡ്രോയിംഗ് ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതാണ്.<br>3. വള്ളിക്കാപ്പറ്റ പാലം പുനർനിർമ്മാണം പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br>4. കുളത്തൂർ പാലം പുനർ നിർമ്മാണം- പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചു. റിപ്പോർട്ട് ഡിസൈൻ വിങ്ങിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഡീറ്റെയിൽഡ് ഡ്രോയിംഗ് ലഭ്യമാകുമ്പോൾ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.<br><br>റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കെ.എസ്.ടി.പി നിർവ്വഹിക്കുന്ന പെരുമ്പിലാവ് -നിലമ്പൂർ പുനരുദ്ധാരണ പ്രവൃത്തിയുടെ അങ്ങാടിപ്പുറം പഞ്ചായത്തിൽ വരുന്ന പൂപലം ഭാഗത്തെ ഉദ്ദേശം 1 കി.മീ ദൂരത്തെ(കി.മീ 44/300 മുതൽ 45/600 വരെ) ഓടയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>കെട്ടിട വിഭാഗത്തിനു കീഴിൽ മങ്കട GHSS Open Auditorium നിർമ്മാണത്തിന്റെ Soil investigation പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കേണ്ടതും എന്നാൽ നാളിതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രവൃത്തികളുടെ മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കുമോ? | (ബി) | നിരത്തു വിഭാഗത്തിനു കീഴിൽ നടപ്പിലാക്കാൻ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ:<br><br>1. വാളാഞ്ചേരി - അങ്ങാടിപ്പുറം - വണ്ടൂർ - വടപുരം റോഡ് കി.മീ 6/395 മുതൽ 20/055 BM & BC ചെയ്ത നവീകരണം.<br>2. തിരൂർക്കാട് - ആനക്കയം റോഡ് BM&BC പ്രവൃത്തി കി.മീ 0/000 മുതൽ 13/440 വരെ |

| | | | |
|---|---|---|---|
| | | | (2.4 കി.മീ ഒഴികെ)<br>3. മങ്കട-പട്ടിക്കാട് റോഡിൽ കി.മീ 4/500 മുതൽ 7/000 വരെയുള്ള BM&BC ചെയ്യുന്നതിനുള്ള പ്രവൃത്തി. |

സെക്ഷൻ ഓഫീസർ